20 ഓഗസ്റ്റ് 2026
വാല്യം. 36
ലക്കം. 15

# മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 20-08-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

## പിസിഐസി 2029 ലെ ദേശീയ കോൺഫറൻസ് ഓണ്ടാരിയോയിൽ





**കാൽഗറി:** 2029ലെ പിസിഐസി ദേശീയ കോൺഫറൻസ് കാനഡയിലെ ഓണ്ടാരിയോയിൽ നടത്താൻ തീരുമാനിച്ചു. കാൽഗറിയിൽ നടന്ന 2026ലെ ദേശീയ കോൺഫറൻസിന്റെ സമാപന സമ്മേളനത്തിൽ കാനഡ പാസ്റ്റേഴ്സ് ഫെലോഷിപ്പ് ലീഡർ പാസ്റ്റർ ജോൺ തോമസാണ് ഈ പ്രഖ്യാപനം നടത്തിയത്. ഓഗസ്റ്റ് 13 മുതൽ 16 വരെ നടന്ന കാൽഗറി കോൺഫറൻസിൽ കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി ദൈവദാസന്മാരും സഭാ പ്രതിനിധികളും പങ്കെടുത്തു.

2029ലെ കോൺഫറൻസിന്റെ നാഷണൽ കൺവീനറായി കിച്ചനർ മൗണ്ട് കാർമൽ പെന്തെക്കോസ്ത് ചർച്ച് ശുശ്രൂഷകനായ പാസ്റ്റർ ബാബു ജോർജ്ജിനെ തിരഞ്ഞെടുത്തു.

2029ലെ കോൺഫറൻസിന്റെ തുടർപ്രവർത്തനങ്ങൾക്കും ഒരുക്കങ്ങൾക്കുമായി നാഷണൽ കൺവീനറായ അദ്ദേഹത്തോടൊപ്പം പാസ്റ്റർ മനീഷ് തോമസ് (ഫെയ്ത്ത് ക്രിസ്ത്യൻ അസംബ്ലി, എഡ്മണ്ടൻ), പാസ്റ്റർ വിക്ടർ ഫിലിപ്പ് (ഇന്റർനാഷണൽ റിവൈവൽ അസംബ്ലി, ഹാളിഫാക്സ്) എന്നിവരും പ്രവർത്തിക്കും.

കിച്ചനർ മൗണ്ട് കാർമൽ പെന്തെക്കോസ്ത് ചർച്ച് ശുശ്രൂഷകനായ പാസ്റ്റർ ബാബു ജോർജ്ജ് പ്രഭാഷകനും മികച്ച സംഘാടകനുമാണ്. സഭാ ശുശ്രൂഷയ്ക്കൊപ്പം വിവിധ മേഖലകളിൽ ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി അദ്ദേഹം സമർപ്പിതമായി പ്രവർത്തിച്ചു വരുന്നു. 2029ലെ കോൺഫറൻസിന്റെ തുടർപ്രവർത്തനങ്ങൾക്കുംഒരുക്കങ്ങൾക്കുമായി നാഷണൽ കൺവീനറായ അദ്ദേഹത്തോടൊപ്പം പാസ്റ്റർ മനീഷ് തോമസ് (ഫെയ്ത്ത് ക്രിസ്ത്യൻ അസംബ്ലി, എഡ്മണ്ടൻ), പാസ്റ്റർ വിക്ടർ ഫിലിപ്പ് (ഇന്റർനാഷണൽ റിവൈവൽ അസംബ്ലി, ഹാളിഫാക്സ്) എന്നിവരും പ്രവർത്തിക്കും.

കാനഡയിലെ വിവിധ പ്രവിശ്യകളിലുള്ള സഭകൾ തമ്മിലുള്ള കൂ (ശേഷം പേജ് 6)

## ക്രൈസ്തവ പീഡനവും എഫ്.സി.ആർ.എ. ഭേദഗതിയും: ആശങ്കയുമായി ഫിയാക്കൊനാ

### ഡോ. ബാബു വർഗീസിനും സിജു തോമസിനും മതസ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം

**ആഷ്ബൺ (വിർജീനിയ):** ഇന്ത്യയിൽ ക്രൈസ്തവർക്കെതിരേ വർധിച്ചുവരുന്ന അക്രമങ്ങൾ, പാസ്റ്റർമാർക്കും വിശ്വാസികൾക്കും നേരെയുള്ള ആക്രമണങ്ങളും ഭീഷണികളും, മതപരിവർത്തന നിരോധന നിയമങ്ങളുടെ ദുരുപയോഗം, വിദേശ സംഭാവന നിയന്ത്രണ നിയമത്തിൽ (എഫ്. സി. ആർ. എ.) നിർദേശിച്ചിരിക്കുന്ന ഭേദഗതികൾ എന്നിവയിൽ ഫിയാക്കൊനാ മതസ്വാതന്ത്ര്യ ദേശീയ സമ്മേളനം 2026 ഗൗരവമായ ആശങ്ക രേഖപ്പെടുത്തി.




വടക്കേ അമേരിക്കയിലെ ഇന്ത്യൻ ക്രൈസ്തവ സഭകളെയും സംഘടനകളെയും ഒരുമിപ്പിച്ച് മതസ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് ഓഫ് നോർത്ത് അമേരിക്ക (ഫിയാക്കൊനാ) സംഘടിപ്പിച്ച സമ്മേളനം ഓഗസ്റ്റ് എട്ടിന് വിർജീനിയയിലെ ആഷ്ബേണിലാണ് നടന്നത്.


സഭാ നേതാക്കൾ, പാസ്റ്റർമാർ, മതസ്വാതന്ത്ര്യ പ്രവർത്തകർ, നിയമവിദഗ്ധർ, സാമൂഹികരാഷ്ട്രീയ രംഗത്തെ പ്രതിനിധികൾ, വിവിധ സംഘടനാ നേതാക്കൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ സമ്മേളനം വിശദമായി ചർച്ച ചെയ്തു. പാസ്റ്റർമാർക്കും വിശ്വാസികൾക്കും നേരെയുള്ള അക്രമങ്ങൾ, പ്രാർഥനായോഗങ്ങളും ആരാധനകളും തടസ്സപ്പെടുത്തൽ, വിശ്വാസികളെ ഭീഷണിപ്പെടുത്തൽ, മതപരിവർത്തന നിരോധന നിയമങ്ങൾ ഉപയോഗിച്ച് പാസ്റ്റർമാർക്കും വിശ്വാസികൾക്കുമെതിരേ കേസെടുക്കുന്നതായുള്ള പരാതികൾ എന്നിവയിൽ സമ്മേളനം ഉത്കണ്ഠ രേഖപ്പെടുത്തി.

ക്രൈസ്തവർക്കെതിരേ വർധിച്ചുവരുന്ന അക്രമങ്ങളും ഭീഷണികളും വിവേചനപരമായ സമീപനങ്ങളും രാജ്യത്തെ മതസ്വാതന്ത്ര്യത്തിന് ഗുരുതരമായ വെല്ലുവിളിയാണെന്ന് സമ്മേളനം വിലയിരുത്തി. മതഭേദമില്ലാതെ ഓരോ ഇന്ത്യൻ പൗരനും ഭയവും ഭീഷണിയുമില്ലാതെ സ്വന്തം വിശ്വാസം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള ഭരണഘട (ശേഷം പേജ് 5)

## എഫ്സിആർഎ ബിൽ ജെപിസിക്ക് വിട്ട് ലോക്സഭ

**ന്യൂഡൽഹി:** ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് (FCRA) ഭേദഗതി ബിൽ ജെപിസിക്ക് വിട്ട് ലോക്സഭ. ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ആണ് പ്രമേയം അവതരിപ്പിച്ചത്. തുടർന്ന് ജോയിന്റ് പാർലമെന്ററി കമ്മിറ്റി (ജെപിസി)യ്ക്ക് വിടുകയായിരുന്നു. ബില്ലിനെ എതിർത്ത് കെസി വേണുഗോപാൽ എംപി രംഗത്തെത്തി. എഫ്സിആർഎ ഭേദഗതി ബിൽ പാടില്ലെന്ന നിലപാടാണ് തങ്ങൾക്കെന്നും കാര്യാപദേശക സമിതിയിൽ അത് വ്യക്തമാക്കിയിരുന്നെന്നും അദ്ദേഹം പറഞ്ഞു. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബിൽ, 2026, ലോക്സഭാ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഈ സഭയിലെ 21 അംഗങ്ങളും രാജ്യസഭാ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന 10 രാജ്യസഭാംഗങ്ങളും അടങ്ങുന്ന ഒരു സംയുക്ത സമിതിക്ക് റഫർ ചെയ്യണമെന്നായിരുന്നു ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ്




അവതരിപ്പിച്ച പ്രമേയത്തിൽ പറഞ്ഞത്. പ്രമേയം പാസായതോടെ ബിൽ ഇനി ജെപിസിയുടെ പരിഗണനയ്ക്കെത്തും.

ജെപിസി ബിൽ വിശദമായി പരിശോധിച്ച ശേഷം റിപ്പോർട്ട് ശീതകാല സമ്മേളനത്തിന്റെ ആദ്യ ആഴ്ചയുടെ അവസാന ദിവസത്തോടെ പാർലമെന്റിൽ സമർപ്പിക്കും. അതേസമയം ബില്ലിനെതിരെ രൂക്ഷ വിമർശനമാണ് കോൺഗ്രസ് ഉയർത്തിയത്. ഇത് ക്രിസ്ത്യൻ സംഘടനകളെ ലക്ഷ്യമിട്ടു കൊണ്ടുള്ള നീക്കമാണെന്നും. ആർഎസ്എസ് അടക്കം വിദേശസംഭാവനകൾ സ്വീകരിക്കുന്നുണ്ട്. അവരെ ഒഴിവാക്കിക്കൊണ്ടുള്ള ഭേദഗതിയാണ് കൊണ്ടുവരുന്നതെന്നും കെസി വേണുഗോപാൽ പറഞ്ഞു. മറുപടിയുമായി രംഗത്തെത്തിയ കേന്ദ്ര മന്ത്രി കിരൺ റിജിജു, ഇത്രയും ദിവസം ബിൽ ജെപിസിക്ക് വിടാനാണ് പ്രതിപക്ഷം ആവശ്യപ്പെട്ടതെന്ന് പറഞ്ഞു. ഇതോടെ സഭ (ശേഷം പേജ് 6)

## മതപരിവർത്തന നിയമം: കോടതിയെ സമീപിക്കും; പ്രകാശ് അംബേദ്കർ

**മുംബൈ:** രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയ മഹാരാഷ്ട്ര സർക്കാറിന്റെ മഹാരാഷ്ട്ര മതസ്വാതന്ത്ര്യനിയമം 2026ന് എതിരെ മുംബൈ ഹൈക്കോടതിയെ സമീപിക്കുമെന്ന് ഭരണഘടനശിൽപി ഡോ. ബി.ആർ. അംബേദ്കറുടെ പേരമകനും വഞ്ചിത് ബഹുജൻ അഘാഡി അധ്യക്ഷനുമായ പ്രകാശ് അംബേദ്കർ. നിർബന്ധിത മതംമാറ്റം തടയാനാണ് നിയമമെന്നാണ് ബി.ജെ.പി സഖ്യസർക്കാറിന്റെ വാദം.

വ്യക്തിസ്വാതന്ത്ര്യത്തിന് എതിരും ഭരണഘടനാവിരുദ്ധവുമാണ് നിയമമെന്ന് പ്രകാശ് പറഞ്ഞു. ഉടനെ ഹൈക്കോടതിയെ (ശേഷം പേജ് 6)


### മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക.

9961720195




### കൊച്ചുപ്പാപ്പൻ

വിഴിഞ്ഞത്തു നിന്നും ഇഡലിയും
സാമ്പാറും കയറ്റി വിട്ടിട്ടുണ്ട്
- മുഖ്യമന്ത്രി വി.ഡി.സതീശൻ



പ്രവാസികളുടെ ഭാഗ്യം!

## ഇസ്ലാം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച നൈജീരിയൻ യുവതിക്ക് കോടതിയുടെ സംരക്ഷണം

**കാനോ:** നൈജീരിയയിൽ ഇസ്ലാം മതം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുകയും നിർബന്ധിത വിവാഹം നിരസിക്കുകയും ചെയ്തതിന്റെ പേരിൽ യുവതിയെ അറസ്റ്റ് ചെയ്യുവാനുള്ള നീക്കത്തെ നൈജീരിയയിലെ കാനോ സംസ്ഥാന അധികൃതരെയും 'ഹിസ്ബ' എന്നറിയപ്പെടുന്ന ഇസ്ലാമിക മതപോലീസിനെയും ഫെഡറൽ ഹൈക്കോടതി വിലക്കി. യുവതിക്ക് സാമ്പത്തിക നഷ്ടപരിഹാരം നൽകണമെന്നും കോടതി ഉത്തരവിട്ടതായി വിധി സംബന്ധിച്ച ഓഗസ്റ്റ് 11ലെ റിപ്പോർട്ടിൽ 'അലയൻസ് ഡിഫൻഡിംഗ് ഫ്രീഡം' ഇന്റർനാഷണൽ സംഘടന വ്യക്തമാക്കി. സാറ' എന്ന പേരിൽ അറിയപ്പെടു




ന്ന യുവതിക്കെതിരെ സ്വീകരിച്ച നടപടികൾ, അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും ലംഘനമാണെന്ന് കോടതി നിരീക്ഷിച്ചതായി 'അലയൻസ് ഡിഫൻഡിംഗ് ഫ്രീഡം' വ്യക്തമാക്കി. കാനോ സംസ്ഥാനത്ത് താമസിച്ചിരുന്ന സാറ, തന്നെ നിർബന്ധിച്ച് വിവാഹം കഴിപ്പിക്കാൻ ശ്രമിച്ച മൂത്ത സഹോദരങ്ങളിൽ നിന്ന് പീഡനം നേരിട്ടതിനെത്തുടർന്ന് 2025ൽ സ്വന്തം വീട്ടിൽ നിന്ന് ഒളിച്ചോടുകയായിരുന്നു. അവളുടെ മാതാപിതാക്കൾ വർഷങ്ങൾക്ക് മുമ്പ് മരിച്ചിരുന്നു.

തുടർന്ന് സഹോദരങ്ങൾ ഹിസ്ബയിലെ മുസ്ലിം ഉദ്യോഗസ്ഥരെ സമീപിച്ച് അവളെ അറസ്റ്റ് ചെയ്യാൻ ആവശ്യപ്പെട്ടുവെന്ന് എഡിഎഫ് റിപ്പോർട്ട് ചെയ്യുന്നു. സാറയെ നാല് ദിവസത്തേക്ക് തടങ്കലിൽ വച്ചതായി റിപ്പോർട്ടുണ്ട്. തന്നെ മർദ്ദിക്കുകയും വിവാഹം അംഗീകരിക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തുവെന്ന് അവർ ആരോപിച്ചു. പിന്നീട് അവൾ അബാരസ് എന്ന ക്രിസ്ത്യൻ കുടുംബത്തിൽ അഭയം കണ്ടെത്തി. അവരോടൊപ്പം താമസിക്കുമ്പോൾ സ്വമേധയാ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുകയായിരുന്നു.

ചെയർമാൻ
**ജോൺ വർഗീസ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഷാജി കാരയ്ക്കൽ**

ജനറൽ എഡിറ്റർ
**സ്റ്റാൻലി ജോർജ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ദീപ്തി അന്ന അച്ചൻകുഞ്ഞ്**

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ചാക്കോ ജോർജ്ജ്**

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഷിബു മുള്ളംകാട്ടിൽ**
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**
**പൊന്നമ്മ സാം**

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ജസ്റ്റസ് ചന്ദ്രബോസ്**
**സാം മാത്യു ന്യൂയോർക്ക്**

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
**ജിജി ബറോഡ**
**ജോൺ മത്തായി അതിരുങ്കൽ**
**ജെയിംസ് മേമന**


കോ-ഓർഡിനേറ്റേഴ്സ്
**മജ്ഞു പീടിയേക്കൽ**
**ബെന്നി പാപ്പച്ചൻ ഒക്കലഹോമ**
**രാജൻ ഏബ്രഹാം**
**മോൻസി വള്ളഞ്ഞവട്ടം ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com




www.maruppacha.com
മരുപ്പച്ച
വെബ്സൈറ്റിൽ
Email: maruppacha @gmail.com
Whatsapp: 9961720195, 9961103983




മാത്യൂ ചെമ്പുകണ്ടത്തിൽ

# വന്ദേമാതരം പൂർണ്ണമായി ആലപിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെ ബാധിക്കുമോ?

**ബം**ഗാളി സാഹിത്യകാരൻ ബങ്കിംചന്ദ്ര ചാറ്റർജി രചിച്ച 'വന്ദേമാതരം' എന്ന കവിതയിൽ നിറഞ്ഞത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആവേശംവിതറിയ വരികളായിരുന്നു. ഈ ഗീതത്തിനു ഭാരതത്തിന്റെ ദേശീയഗാനമായ 'ജനഗണമന'യ്ക്കു തുല്യമായി നിയമപരിരക്ഷയാണ് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്നത്. ഈ ഗാനത്തോടു അനാദരവു കാണിക്കുകയോ ആലപിക്കുന്നതു തടസ്സപ്പെടുത്തുകയോ ചെയ്യുന്നത് ഇനി മുതൽ ക്രിമിനൽ കുറ്റമാണ്.

വന്ദേമാതരം എന്ന വാക്കിന്റെ അർത്ഥം 'അമ്മയെ വന്ദിക്കുന്നു' എന്നാണ്. ഭാരതം എന്ന മാതൃദേശമാണ് ഇവിടെ അമ്മ. പാട്ടിന്റെ ആദ്യത്തെ രണ്ടു ഖണ്ഡികകളിൽ പ്രകൃതിരമണീയ സൗന്ദര്യത്തിൽ ആറാടിനിൽക്കുന്ന ഭാരതാംബയെ പ്രകീർത്തിക്കുന്നു. എന്നാൽ തുടർന്നുള്ള വരികളിൽ ഭാരതഭൂമിയെ വെറുമൊരു ഭൂപ്രദേശമായിട്ടല്ല, ദുർഗ്ഗ, ലക്ഷ്മി, സരസ്വതി ദേവീസങ്കൽപ്പങ്ങളോടു ഉപമിച്ചുകൊണ്ടാണു വിശേഷിപ്പിക്കുന്നത്. ഹിന്ദുമത ദൈവസങ്കൽപ്പങ്ങൾ ഉൾപ്പെടുന്ന ഈ ഭാഗങ്ങളുടെ ആലാപനമാണ് ഇപ്പോൾ പലരേയും അസ്വസ്ഥരാക്കുന്നത്.

എല്ലാ മതസ്ഥർക്കും പാടാൻ സാധിക്കുന്ന വന്ദേമാതരത്തിലെ ആദ്യത്തെ രണ്ടു ഖണ്ഡികകൾ മാത്രം പാടിയാൽ മതിയെന്ന നിലപാടാണ് കോൺഗ്രസ്, ഇടതുപാർട്ടികൾ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ മുന്നോട്ടുവച്ചിട്ടുള്ളത്. എന്നാൽ ഇസ്ലാമിക സംഘടനകൾ ഈ വിഷയത്തിൽ ഒരുവിധത്തിലുള്ള ഒത്തുതീർപ്പിനും തയ്യാറല്ല. തങ്ങളുടെ ഏകദൈവവിശ്വാസ പ്രമാണങ്ങൾക്ക് ഈ ഗാനം എതിരാണെന്ന് ഇസ്ലാമിക പണ്ഡിതർ വാദിക്കുന്നു. ഇക്കൂട്ടരുടെ എതിർപ്പ് വിശ്വാസപരമാണെന്നു മനസ്സിലാക്കാം.

സെമിറ്റിക് മതങ്ങളുടെ ഏക ഏകദൈവവിശ്വാസം സംബന്ധിച്ചു സെമിറ്റിക് മതങ്ങൾ വച്ചുപുലർത്തുന്നതു വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണ്. 'ദൈവത്തിന്റെ ഏകത്വം' എന്നത് സെമിറ്റിക് മതബോധത്തിന്റെ അടിത്തറയാണ്. ആ അടിസ്ഥാന വിശ്വാസത്തെ മാറ്റിവച്ച് രാഷ്ട്രനിയമങ്ങൾക്കു വിധേയരാകേണ്ടി വരുന്ന സന്ദർഭങ്ങളിൽ രക്തംചൊരിഞ്ഞും വിശ്വാസം സംരക്ഷിച്ച നിരവധി സംഭവങ്ങൾ ഈ മതചരിത്രത്താളുകളിൽ കാണാൻ കഴിയും. നെബുക്കദ്നേസർ എന്ന ബാബേൽ രാജാവ് ഉണ്ടാക്കി ദുരാ താഴ്വരയിൽ സ്ഥാപിച്ച വിഗ്രഹത്തെ ആരാധിക്കാൻ വിസമ്മതിച്ചതിന്റെ പേരിൽ തീച്ചൂളയിൽ എറിയപ്പെട്ട യഹൂദബാലന്മാരുടെ കഥ ബൈബിളിൽ ദാനിയേൽ പ്രവചനത്തിൽ കാണാം (മൂന്നാം അധ്യായം). ദാരിയൂസ് രാജാവിനോടു പ്രാർത്ഥിക്കാതെ ഇസ്രായേലിന്റെ ദൈവത്തോടു പ്രാർത്ഥിച്ചതിന്റെ പേരിൽ സിംഹക്കൂട്ടിൽ എറിയപ്പെടുകയും അത്ഭുതകരമായി അതിൽനിന്നു രക്ഷപ്പെടുകയും ചെയ്ത ദാനിയേലിനെ (ദാനിയേൽ 6) വിശ്വാസ വീരന്മാരുടെ പട്ടികയിൽ പ്രമുഖസ്ഥാനത്ത് കാണാം.

ക്രൈസ്തവ സഭയുടെ ആരംഭകാലത്ത് റോമിലെ ചക്രവർത്തിമാർ പലരും തങ്ങളെ ദൈവസ്ഥാനത്തു പ്രതിഷ്ഠിച്ചിരുന്നു. ക്രിസ്ത്യാനികളോടു റോമാ ചക്രവർത്തിയോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ട സംഭവങ്ങളും അതിനു തയ്യാറാകാതെ വന്നവരെ തീകൊളുത്തിയും സിംഹങ്ങൾക്ക് എറിഞ്ഞുകൊടുത്തും കൊലപ്പെടുത്തിയ സംഭവങ്ങളും ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ വായിക്കാൻ കഴിയും.

ജീവൻ കൊടുത്തും മതവിശ്വാസം സംരക്ഷിക്കാൻ തയ്യാറായ സെമിറ്റിക് മതബോധത്തിൽ ജീവിക്കുന്നവർക്കു വന്ദേമാതരം ഗീതത്തിൽ മാതൃഭൂമിയെ ദുർഗ്ഗ, ലക്ഷ്മി, സരസ്വതി തുടങ്ങിയ ദേവീസങ്കൽപ്പങ്ങളോടു ഉപമിച്ചു പാടി വന്ദിക്കുന്നതു വിശ്വാസപ്രതിസന്ധി സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല. എന്നാൽ യഹൂദ, ഇസ്ലാമിക മതങ്ങളെ മാറ്റിനിർത്തി, മറ്റൊരു സെമിറ്റിക് മതമായ ക്രൈസ്തവ വിശ്വാസത്തെ ഈ നിയമം എപ്രകാരമാണ് സ്വാധീനിക്കുക? ഈ ഗാനം വിഗ്രഹാരാധനയുടെ പരിധിയിൽ വരുമോ? ഈ വിഷയങ്ങളാണ് ബൈബിളിന്റെയും തിരുസ്സഭയുടെ പഠിപ്പിക്കലുകളുടെയും അടിസ്ഥാനത്തിൽ ഇവിടെ പരിശോധിക്കുന്നത്.

**വന്ദേമാതരം ആലപിക്കുമ്പോൾ ഉണ്ടായേക്കാവുന്ന വിശ്വാസപ്രതിസന്ധി**

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് വന്ദേമാതരം പൂർണ്ണമായി ആലപിക്കുമ്പോൾ പ്രധാനമായും ഉണ്ടായേക്കാവുന്നതു രണ്ടുവിധത്തിലുള്ള സംശയങ്ങളാണെന്നു കാണാം. ക്രിസ്തീയവിശ്വാസത്തിന്റെ നെടുംതൂണായ ഏകദൈവ വിശ്വാസം അടിയുറച്ചിരിക്കുന്നത് പഴയനിയമത്തിലെ പത്തു കൽപ്പനകളിലാണ്. ഇതിലെ ആദ്യകൽപ്പന ഏകദൈവത്തിൽ അല്ലാതെ മറ്റൊന്നിലും ദൈവത്വം ആരോപിക്കാനോ ആരാധിക്കാനോ പാടില്ല എന്നതാണ്. മാതൃഭൂമിയെ സ്നേഹിക്കുന്നതിനു ക്രൈസ്തവ വിശ്വാസം ഒരുവിധത്തിലുള്ള എതിർപ്പും പ്രകടിപ്പിക്കുന്നില്ല. എന്നാൽ ഭൂമിയെ അല്ലെങ്കിൽ രാജ്യത്തെ ഒരു ദേവിയായി സങ്കൽപ്പിച്ചു വന്ദിക്കുമ്പോൾ അത് ബഹുദൈവ ആരാധനയാകില്ലേ എന്നതാണ് പ്രധാന സംശയം.

രണ്ടാമതായി, 'വന്ദനം' എന്ന വാക്കിന്റെ അർത്ഥം കേവലം ആദരവ് പ്രകടിപ്പിക്കലാണോ അതോ ആരാധനയാണോ എന്ന സംശയമാണ്. വന്ദനത്തെ ആരാധനയായി മനസ്സിലാക്കുന്നവർ ആകെ അസ്വസ്ഥരാണ്. അവർ വന്ദേമാതരത്തിലെ മുഴുവൻ ഖണ്ഡികകളും പാടുന്നതിനോടു എതിർപ്പുള്ളവരാണ്.

**അഭിപ്രായ സ്വാതന്ത്ര്യമെന്നത് ശബ്ദിക്കാനും നിശ്ശബ്ദിക്കാനുമുള്ള സ്വാതന്ത്ര്യം**

വന്ദേമാതരം ആലപിക്കുമ്പോഴുണ്ടാകുന്ന വിശ്വാസപ്രതിസന്ധിയെ അതിജീവിക്കാൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(എ) പ്രകാരം സാധിക്കുമെന്നാണ് നിയമവിദഗ്ധർ പറയുന്നത്. അതിനു 1986ലെ പ്രസിദ്ധമായ Bijoy Emmanuel v State of Kerala (1986) കേസിൽ ബഹുമാനപ്പെട്ട ഇന്ത്യൻ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി സഹായകമാകും.

'യഹോവയുടെ സാക്ഷികൾ' എന്ന പ്രൊട്ടസ്റ്റന്റ് സംഘടനയിലെ സ്കൂൾ കുട്ടികൾ ദേശീയഗാനം പാടുന്ന സമയത്ത് ആദരവോടെ എഴുന്നേറ്റു നിന്നെങ്കിലും ഗാനം പാടുവാൻ വിസമ്മതിച്ച സംഭവം കേരളത്തിൽ ഉണ്ടായി. ഇത് കേസാവുകയും ഈ കേസ് സുപ്രീംകോടതിയിൽ എത്തുകയും ചെയ്തു. ഒടുവിൽ സുപ്രീംകോടതി വിധി വന്നപ്പോൾ അത് വിദ്യാർത്ഥികൾക്ക് അനുകൂലമായിരുന്നു. ശബ്ദിക്കാനുള്ള സ്വാതന്ത്ര്യം പോലെ നിശ്ശബ്ദമാകാനുള്ള സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നു എന്നാണ് കോടതി നിരീക്ഷിച്ചത്. ഈ വിധിയുടെ അടിസ്ഥാനത്തിൽ, വന്ദേമാതരം ആലപിക്കുന്നത് വിശ്വാസപ്രതിസന്ധി സൃഷ്ടിക്കുമെന്നു കരുതുന്ന ക്രൈസ്തവർക്ക് ഈ ഗാനാലാപന സമയത്ത് ആദരവോടെ നിശ്ശബ്ദമായി നിന്നുകൊണ്ട് രാജ്യനിയമത്തെ ബഹുമാനിക്കാൻ സാധിക്കും.

**വന്ദേമാതരം പൂർണ്ണമായി ആലപിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെ ബാധിക്കുമോ?**

മാതൃഭൂമിയെ സ്നേഹിക്കുന്നതും രാജ്യത്തോടുള്ള കടമകൾ നിർവ്വഹിക്കുന്നതും ക്രൈസ്തവ ജീവിതത്തിന്റെ അവിഭാജ്യഘടകമായിട്ടാണ് വിശുദ്ധ ബൈബിളും തിരുസ്സഭയും ഒരുപോലെ പഠിപ്പിക്കുന്നത്. 'സീസർക്കുള്ളതു സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' (മത്തായി 22:21) എന്ന ക്രിസ്തുമൊഴികൾ രാജ്യത്തോടുള്ള നിയമപരമായ പ്രതിബദ്ധതയും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാൻ ആവശ്യപ്പെടുന്നതോടൊപ്പം ദൈവത്തോടുള്ള വിധേയത്വവും ബഹുമാനവും നിലനിർത്താനും ആവശ്യപ്പെടുന്നു. കത്തോലിക്കാ സഭയുടെ പ്രബോധനമനുസരിച്ച് (സി.സി.സി 2239)

*(ശേഷം പേജ് 4)*

**ഈ ഭൂമിയിലുള്ള സകലവും നശ്വരമായ സൃഷ്ടിപ്രപഞ്ചത്തിന്റെ ഭാഗമാണ്. അതിൽ ഉൾപ്പെടുന്ന മാതൃദേശത്തെയും അതിന്റെ സംസ്കൃതിയെയും ആദരവോടെ മനസ്സിലാക്കേണ്ടതും അംഗീകരിക്കേണ്ടതും ക്രിസ്ത്യാനിയുടെ കടമയായി തിരുസ്സഭ പ്രബോധിപ്പിക്കുന്നു. ചുരുക്കത്തിൽ, ബൈബിളിന്റെയും സഭയുടെ പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ പഠിച്ചാൽ, വന്ദേമാതരം എന്ന ദേശീയഗീതത്തിലെ മുഴുവൻ ഖണ്ഡികകളും ഒരു ക്രിസ്തുവിശ്വാസി പാടുമ്പോൾ അവിടെ ഒരുവിധത്തിലുമുള്ള വിശ്വാസപ്രതിസന്ധിയും സംഭവിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്.**



# അഭിഷേകം

## വചനപ്രകാരം 21

പി.എസ്. ചെറിയാൻ

**ബൈ**ബിളിലെ വളരെ ഗൗരവമേറിയതും ആഴമേറിയതുമായ പഠനവിഷയമാണ് 'അഭിഷേകം' (Anointing). പഴയ നിയമത്തിൽ നിഴലായി കാണപ്പെട്ട പല കാര്യങ്ങളും പുതിയ നിയമത്തിൽ യേശുക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും യാഥാർത്ഥ്യമായി മാറുന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് അഭിഷേകം. പരിശുദ്ധാത്മ പ്രവൃത്തിയും അഭിഷേകവും ഇന്ന് വികലമായി പഠിപ്പിക്കുകയും ഏതു കോമാളിത്തരവും ആത്മാഭിഷേകമായി പൊതു ജനമധ്യത്തിൽ അവതരിപ്പിക്കുന്ന ദുഃസ്ഥിതിയാണുള്ളത്. അതുകൊണ്ട് വചനത്തിൽ അഭിഷേകത്തെപ്പറ്റി പ്രതിപാദിക്കുന്നതെന്തെന്ന് അറിയേണ്ടതുണ്ട്.

**പഴയ നിയമത്തിലെ അഭിഷേകം: സങ്കല്പവും പ്രയോഗവും**

പഴയ നിയമത്തിൽ എബ്രായ ഭാഷയിൽ 'മശാഹ്' (Masach) എന്ന വാക്കാണ് അഭിഷേകത്തിന് ഉപയോഗിച്ചിരിക്കുന്നത്. തൈലം കൊണ്ടുമൂടുക അല്ലെങ്കിൽ പൂശുക എന്നാണ് ഇതിന്റെ അർത്ഥം.

**വിശുദ്ധ തൈലത്തിന്റെ പ്രത്യേകത**

പഴയ നിയമത്തിൽ സാധാരണ എണ്ണയല്ല അഭിഷേകത്തിന് ഉപയോഗിച്ചിരുന്നത്. മോശെയ്ക്ക് ദൈവം നൽകിയ പ്രത്യേക കൂട്ടനുസരിച്ച് ഉണ്ടാക്കിയ 'വിശുദ്ധ അഭിഷേക തൈലം' ആയിരുന്നു അത് (പുറപ്പാട് 30:2233).

മീറ, കറുവാപ്പട്ട, വയമ്പ്, ലവംഗതൊലി, ഒലിവെണ്ണ എന്നിവ ചേർത്താണ് ഇത് ഉണ്ടാക്കിയിരുന്നത്.

ഇത് സാധാരണ ആവശ്യങ്ങൾക്കോ അന്യർക്കോ ഉപയോഗിക്കാൻ കർശന വിലക്കുണ്ടായിരുന്നു.

ഇത് ദൈവിക വിശുദ്ധിയുടെയും വേർപാടിന്റെയും പ്രതീകമായിരുന്നു.

**അഭിഷേകം ചെയ്യപ്പെട്ട മൂന്ന് പ്രധാന പദവികൾ**

പഴയ നിയമത്തിൽ ദൈവിക പദ്ധതി പൂർത്തിയാക്കാൻ മൂന്ന് കൂട്ടരെ പ്രത്യേകമായി തൈലമൊഴിച്ച് അഭിഷേകം ചെയ്തു.

**പഴയനിയമത്തിൽ ദൈവം ചില വ്യക്തികളെ തന്റെ വലിയ ദൗത്യങ്ങൾക്കായി വേർതിരിച്ചുവെങ്കിൽ, പുതിയ നിയമത്തിൽ ദൈവത്തിന്റെ ആത്മാവ് വിശ്വസിക്കുന്ന ഏവന്റെയും ഉള്ളിൽ വസിച്ചുകൊണ്ട് അവരെ ദൈവിക പ്രതിനിധികളാക്കി (രാജകീയ പുരോഹിതവർഗ്ഗമാക്കി) മാറ്റുന്നു. അഭിഷേകം വിശ്വാസിയെ ഉപദേശിച്ചു വഴിനടത്തുകയും ജീവിതത്തിലും ശുശ്രൂഷയിലും ശക്തിപകരുകയും ചെയ്യുന്നു.**

**പുരോഹിതന്മാർ**

ദൈവത്തിനും ജനത്തിനും ഇടയിൽ മധ്യസ്ഥത വഹിക്കാൻ അഹരോനെയും അവന്റെ മക്കളെയും അഭിഷേകം ചെയ്തു (പുറപ്പാട് 20:29). അഭിഷേകമില്ലാതെ ആർക്കും ദൈവാലയ ശുശ്രൂഷ ചെയ്യാൻ അവകാശമുണ്ടായിരുന്നില്ല.

**രാജാക്കന്മാർ**

ജനങ്ങളെ ദൈവിക നീതിയിൽ ഭരിക്കാനാണ് രാജാക്കന്മാരെ അഭിഷേകം ചെയ്തത്. ശമൂവേൽ ശൗലിനെയും ദാവീദിനെയും അഭിഷേകം ചെയ്തപ്പോൾ കർത്താവിന്റെ ആത്മാവ് ശക്തിയോടെ അവരുടെമേൽ വന്നു (1 ശമൂവേൽ 10:1, 16:13).

**പ്രവാചകന്മാർ**

ദൈവത്തിന്റെ വാക്ക് ജനങ്ങളെ അറിയിക്കാൻ പ്രവാചകന്മാർ വേർതിരിക്കപ്പെട്ടു. ഏലീയാവ് എലീശയെ തന്റെ പിൻഗാമിയായി അഭിഷേകം ചെയ്തു (1 രാജാക്കന്മാർ 19:16).

**വസ്തുക്കളുടെ അഭിഷേകം**

വ്യക്തികളെ മാത്രമല്ല, സമാഗമന കൂടാരം, നിയമപെട്ടകം, യാഗപീഠം, ഉപകരണങ്ങൾ എന്നിവയെല്ലാം തൈലമൊഴിച്ച് അഭിഷേകം ചെയ്ത് അത്യന്തവിശുദ്ധമാക്കി മാറ്റിവെച്ചിരുന്നു (പുറപ്പാട് 40:9 –11).

**പഴയ നിയമതത്വം**

പഴയ നിയമത്തിൽ അഭിഷേകം എന്നത് ബാഹ്യമായ എണ്ണയൊഴിക്കൽ (External rite) വഴി ഒരു പ്രത്യേക ചുമതലയ്ക്കായി വ്യക്തികളെ മാറ്റിനിർത്തുന്ന രീതിയായിരുന്നു.

**പുതിയ നിയമത്തിലെ അഭിഷേകം:ആത്മീയ പൂർത്തീകരണം**

പുതിയ നിയമത്തിൽ ഗ്രീക്ക് ഭാഷയിലെ 'ക്രിയോ' (Chrio) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ നിന്നാണ് 'ക്രിസ്തു' (Christos) എന്ന വാക്ക് രൂപപ്പെട്ടത്.

**യേശുക്രിസ്തു പൂർണ്ണ അഭിഷിക്തൻ**

യേശു എന്നത് പേരും ക്രിസ്തു എന്നത് പദവിയുമാണ്. 'ക്രിസ്തു' എന്നതിനർത്ഥം 'അഭിഷിക്തൻ' (The Anointed One) എന്നാണ്. പഴയ നിയമത്തിലെ മൂന്ന് പദവികളും യേശുവിൽ ഒന്നിച്ചു ചേരുന്നു.

**നിത്യപുരോഹിതൻ: തന്നത്തന്നെ യാഗമായി അർപ്പിച്ച് മധ്യസ്ഥത വഹിക്കുന്നു.**

രാജാക്കന്മാരുടെ രാജാവ്:ദൈവരാജ്യത്തിന്റെ ശാശ്വത ഭരണാധികാരി.

**വലിയ പ്രവാചകൻ: ദൈവത്തിന്റെ പൂർണ്ണ വെളിപ്പാട് ജനങ്ങൾക്ക് നൽകിയവൻ.**

യേശു തന്റെ ശുശ്രൂഷ ആരംഭിച്ചത് തൈലം കൊണ്ടല്ല, മറിച്ച് പരിശുദ്ധാത്മാവിനാലുള്ള അഭിഷേകത്തോടെയാണ്.

'നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു...' (പ്രവൃത്തികൾ 10:38).

**വിശ്വാസികളുടെ അഭിഷേകം**

പുതിയ നിയമത്തിലെ ഏറ്റവും വലിയ സവിശേഷത, അഭിഷേകം ഏതാനും ചില നേതാക്കൾക്ക് മാത്രമുള്ളതല്ല എന്നതാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിക്കും പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിക്കുന്നു.

**ആന്തരിക അധിവാസം (Indwelling Spirit)**

പുതിയ നിയമത്തിൽ ഭൗതികമായ എണ്ണയല്ല, മറിച്ച് വിശ്വസിക്കുന്നവരിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ് അഭിഷേകം 'ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു' (2 കൊരിന്ത്യർ 1:21 22).

**സത്യത്തെ തിരിച്ചറിയാനുള്ള ആത്മീയ വെളിച്ചം**

കള്ള ഉപദേശങ്ങളെ തിരിച്ചറിയാനും ദൈവിക സത്യം മനസ്സിലാക്കാനും അഭിഷേകം വിശ്വാസികളെ സഹായിക്കുന്നു.

'നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു' (1 യോഹന്നാൻ 2:20).

**ശുശ്രൂഷയ്ക്കുള്ള ശക്തി**

ലോകത്തിൽ ക്രിസ്തുവിന് സാക്ഷികളാകാനും ആത്മീയ ദാനങ്ങൾ ഉപയോഗിച്ച് സഭയെ വളർത്താനും പരിശുദ്ധാത്മാവിന്റെ അഭിഷേകം വിശ്വാസികൾക്ക് ശക്തി നൽകുന്നു (പ്രവൃത്തികൾ 1:8).

പഴയനിയമത്തിലെ തൈലമൊഴിച്ചുള്ള അഭിഷേകം എന്നത് പുതിയ നിയമത്തിൽ യേശുക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും നടക്കാനിരുന്ന വലിയ ആത്മീയ യാഥാർത്ഥ്യത്തിന്റെ ഒരു നിഴൽ (Shadow) മാത്രമായിരുന്നു.

പഴയനിയമത്തിൽ ദൈവം ചില വ്യക്തികളെ തന്റെ വലിയ ദൗത്യങ്ങൾക്കായി വേർതിരിച്ചുവെങ്കിൽ, പുതിയ നിയമത്തിൽ ദൈവത്തിന്റെ ആത്മാവ് വിശ്വസിക്കുന്ന ഏവന്റെയും ഉള്ളിൽ വസിച്ചുകൊണ്ട് അവരെ ദൈവിക പ്രതിനിധികളാക്കി (രാജകീയ പുരോഹിതവർഗ്ഗമാക്കി) മാറ്റുന്നു.

അഭിഷേകം വിശ്വാസിയെ ഉപദേശിച്ചു വഴിനടത്തുകയും ജീവിതത്തിലും ശുശ്രൂഷയിലും ശക്തിപകരുകയും ചെയ്യുന്നു.

# വന്ദേമാതരം പൂർണ്ണമായി ആലപിക്കുന്നത്...

(1-ാം പേജ് തുടർച്ച)

സ്വന്തം രാജ്യത്തെ സ്നേഹിക്കുന്നതും രാജ്യത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നതും അധികാരികളോടുള്ള വിധേയത്വവും ക്രൈസ്തവ വിശ്വാസികളുടെ കടമയുമായി നിർവ്വചിച്ചിട്ടുണ്ട്. ക്രിസ്തുമൊഴികളുടെയും തിരുസ്സഭയുടെ പ്രബോധനത്തിന്റെയും അടിസ്ഥാനത്തിൽ ഈ വിഷയത്തെ മനസ്സിലാക്കേണ്ടത് ഇന്നു വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

വന്ദേമാതരം എന്ന ദേശീയ ഗീതത്തിൽ 'വന്ദേ' (വന്ദനം) എന്ന സംസ്കൃതവാക്കിന്റെ അർത്ഥം "ആദരിക്കുക, ബഹുമാനിക്കുക, നമസ്കരിക്കുക, പൂജിക്കുക, സ്തുതിക്കുക....' എന്നൊക്കെയാണ്. പത്തു കൽപ്പനകളിൽ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്ന തത്വം തന്നെയാണ് മാതൃഭൂമിയോടും പ്രകടിപ്പിക്കേണ്ടത് എന്ന് കരുതുന്നതിൽ തെറ്റുമില്ല.

വന്ദേമാതരത്തിൽ ആവശ്യപ്പെടുന്ന ഭാരതമാതാ പൂജയും ക്രൈസ്തവ വിശ്വാസപ്രകാരം ദൈവത്തെ ആരാധിക്കുക എന്ന പ്രവൃത്തിയും തമ്മിൽ ഇരുളും വെളിച്ചവും പോലുള്ള അന്തരമുണ്ട്. ഈ അന്തരം വ്യക്തമായി മനസ്സിലാക്കിയാൽ വന്ദേമാതരം എന്ന ദേശീയഗീതം പൂർണമായി പാടുന്നതു ക്രൈസ്തവരെ സംബന്ധിച്ചു യാതൊരു വിശ്വാസപ്രതിസന്ധിയും സൃഷ്ടിക്കില്ല എന്നു മനസ്സിലാക്കാൻ കഴിയും.

**ആരാധനയും വിഗ്രഹാരാധനയും**

വന്ദേമാതരത്തിൽ ദുർഗ്ഗ, ലക്ഷ്മി, സരസ്വതി എന്നീ ഹിന്ദു ദേവതകളുടെ പേരുകളോടു ചേർത്തു ഭാരതത്തെ ഉപമിക്കുന്ന വരികളുണ്ട്. എന്നാൽ ഒരു സാഹിത്യ സൃഷ്ടിയായി ഈ കൃതിയെ മനസ്സിലാക്കുമ്പോൾ ഇത് അക്ഷരാർത്ഥത്തിലുള്ള വിഗ്രഹാരാധനയല്ല, മാതൃഭൂമിയുടെ വ്യത്യസ്ത ഭാവങ്ങളെ വിവരിക്കാൻ കവി ഉപയോഗിച്ച ആലങ്കാരിക (metaphor) പ്രയോഗങ്ങൾ മാത്രമാണ് ഇതിലെ ദേവീനാമങ്ങൾ എന്നു മനസ്സിലാക്കാൻ കഴിയും. ബൈബിൾ സാഹിത്യത്തിലും ഇപ്രകാരം പ്രകൃതിയെയും മലകളെയും രാജ്യങ്ങളെയും ചിത്രീകരിക്കുന്നുണ്ട്. 'സീയോൻ' (Zion) എന്നത് ദൈവത്തിന്റെ വാസസ്ഥലമായി നിരവധിയിടങ്ങളിൽ പരാമർശിക്കുന്നുണ്ട്. വാസ്തവത്തിൽ സീയോനെക്കുറിച്ചുള്ള വർണ്ണനകളാൽ ബൈബിൾ പുതിയനിയമവും പഴയനിയമവും മത്സരിക്കുന്നതായി തോന്നും. 'ജെറുസലേമിനെ മറന്നാൽ നാവ് അണ്ണാക്കിൽ ഒട്ടിപ്പോകും' ശിക്ഷ ലഭിക്കുന്ന കുറ്റമായി യഹൂദൻ കണക്കാക്കുന്നു (സങ്കീർത്തനം 137). ജെറുസലേമിനെ മണവാട്ടിയായി കണക്കാക്കുന്നതാണ് പുതിയനിയമ ക്രൈസ്തവ ബോധനം. സ്വർഗ്ഗത്തിൽ കുടികൊള്ളുന്ന ജെറുസലേമിനെ അമ്മയായി (ഗലാത്യ 4:26) പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നു. അതായതു, രാജ്യങ്ങളുടെയും ഭൂപ്രദേശങ്ങളുടെയും മഹത്വം പ്രഘോഷിക്കുന്നതു ഭാരതസംസ്കാരത്തിൽ മാത്രമല്ല, ക്രൈസ്തവ സാഹിത്യത്തിലും കാണപ്പെടുന്ന ഒരു പ്രത്യേകതയാണ്.

ഭൂമിയെ സ്നേഹിക്കുന്നതും സംരക്ഷിക്കുന്നതും ദൈവം ഇഷ്ടപ്പെടുന്ന കാര്യമാണ്. 'ഭൂമിയെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കുമെന്നാണ്' വെളിപ്പാടു പുസ്തകത്തിൽ വായിക്കുന്നത് (വെളി 11:18). മനുഷ്യനോടുള്ള ബന്ധത്തിൽ, ദൈവപുത്രന്റെ മനുഷ്യാവതാരത്തോടുള്ള ബന്ധത്തിൽ ഭൂമി, ദൈവത്തിന് ഏറെ പ്രിയപ്പെട്ട ഇടമാണ്. സങ്കീർത്തനത്തിൽ 'സൗന്ദര്യത്തികവാർന്ന സീയോനെ' പ്രകീർത്തിക്കുന്നതുപോലെ (സങ്കീർത്തനം 50:2) വന്ദേമാതരത്തിന്റെ അഞ്ചാം ഖണ്ഡികയിൽ സൗന്ദര്യവതിയായ ഭാരതാംബയെ പ്രകീർത്തിക്കുന്നു. ബൈബിൾ സാഹിത്യത്തിന്റെ ഭാരതീയമായ ഒരു ശൈലിയാണ് ബങ്കിംചന്ദ്ര ചാറ്റർജി വന്ദേമാതരത്തിൽ അവലംബിച്ചതെന്നു പറയാൻ കഴിയും.

**ഭാരതാംബയെ വന്ദിക്കുന്നത് ആരാധനയാണോ?**

വന്ദേമാതരം ആലപിക്കുമ്പോൾ ഭാരതാംബയെ വന്ദിക്കുവിൻ എന്നു പാടുന്നത് ബഹുദൈവാരാധനയാണെന്നു ഭയപ്പെടുന്ന ക്രൈസ്തവരുണ്ട്. ഇസ്ലാമിക പക്ഷത്തുനിന്നു നോക്കിയാൽ ഇത് ദൈവകോപത്തിന് കാരണമായേക്കാവുന്ന ഗുരുതരമായ കുറ്റമാണ്. എന്നാൽ ക്രൈസ്തവ പക്ഷത്തു നിന്നു നോക്കിയാൽ ഈ ഗാനത്തിൽ ആരാധനയുടെ ഘടകമുണ്ടോ എന്ന് നോക്കാം.

ബൈബിളിന്റെയും ക്രൈസ്തവ സഭയുടെ പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ 'ആരാധന' എന്നത് വാക്കുകളിലോ പാട്ടുകളിലോ ഉൾപ്പെടുത്താൻ കഴിയുന്നൊരു പ്രവൃത്തിയല്ല. ആരാധനയെന്നത് ബലിയർപ്പണമാണ്. ക്രൈസ്തവ വിശ്വാസത്തിൽ ആരാധന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തിനു മാത്രം അർപ്പിക്കുന്നതും (Ltaria) തികച്ചും അനന്യവുമായ ഒരു കർമ്മമാണ്. സർവ്വ പ്രപഞ്ചത്തിന്റെയും നാഥനായ ദൈവത്തിനു ബലിയർപ്പിക്കുന്നു (ആരാധന) എന്നത് 'സീറോമലബാർ സഭ'യുടെ വിശുദ്ധ കുർബാനയിലെ അതീവപ്രാധാന്യമുള്ള പ്രാർത്ഥനയും പ്രഖ്യാപനവുമാണ്.

ക്രൈസ്തവ വിശ്വാസത്തിൽ ആരാധന എന്നത് ബലിയർപ്പണത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. അതിനാൽ ഒരു ഗാനം താളമേളങ്ങളോടെ പാടുന്നതോ തുള്ളിച്ചാടുന്നതോ ആർത്തുവിളിക്കുന്നതോ ഒന്നും ബലിയർപ്പണത്തിന് പകരമാകില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ബലിയർപ്പണമല്ലാത്ത യാതൊരു പ്രവൃത്തിയിലേക്കും 'ആരാധന' എന്ന പദത്തിന്റെ ആന്തരികാർത്ഥത്തെ സന്നിവേശിപ്പിക്കാൻ ക്രൈസ്തവ വിശ്വാസപ്രകാരം സാധ്യമല്ല. അതുകൊണ്ട്, വന്ദേമാതരം എന്ന ഗാനത്തിന്റെ മുഴുവൻ സ്റ്റാൻസകളും പാടിയാലും അവിടെ ബലിയർപ്പണമോ ക്രൈസ്തവ വിശ്വാസപ്രകാരമുള്ള ആരാധനയോ സംഭവിക്കുന്നില്ല. അത് കേവലം വാക്കുകൾകൊണ്ടുള്ള ഒരു ആദരവ് പ്രകടമാക്കൽ മാത്രമായി നിലകൊള്ളും.

കത്തോലിക്കാ സഭയുടെ പ്രബോധനമനുസരിച്ച് ദൈവത്തെ ആരാധിക്കുക എന്നതിന്റെ അർത്ഥം, "ദൈവത്തെ ദൈവമായി, സൃഷ്ടാവും രക്ഷകനുമായി, അസ്തിത്വമുള്ള സകലത്തിന്റെയും കർത്താവും അധിനാഥനുമായി, അനന്തവും കരുണാർദ്ര സ്നേഹവുമായി അംഗീകരിക്കുക' എന്നാണ് അർത്ഥമാക്കുന്നത് (സിസിസി 2096). ദൈവത്തെ ആരാധിക്കുന്നതൊടൊപ്പം "സൃഷ്ടിയുടെ ശൂന്യതയെ ആദരവോടും പൂർണ്ണവിധേയത്വത്തോടും കൂടെ അംഗീകരിക്കുക" എന്നും (സിസിസി 2097) കത്തോലിക്കാ സഭ അസന്നിഗ്ധമായി പഠിപ്പിക്കുന്നു. ഈ അർത്ഥത്തിൽ, ഈ ഭൂമിയിലുള്ള സകലവും നശ്വരമായ സൃഷ്ടിപ്രപഞ്ചത്തിന്റെ ഭാഗമാണ്. അതിൽ ഉൾപ്പെടുന്ന മാതൃദേശത്തെയും അതിന്റെ സംസ്കൃതിയെയും ആദരവോടെ മനസ്സിലാക്കേണ്ടതും അംഗീകരിക്കേണ്ടതും ക്രിസ്ത്യാനിയുടെ കടമയായി തിരുസ്സഭ പ്രബോധിപ്പിക്കുന്നു.

ചുരുക്കത്തിൽ, ബൈബിളിന്റെയും സഭയുടെ പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ പഠിച്ചാൽ, വന്ദേമാതരം എന്ന ദേശീയഗീതത്തിലെ മുഴുവൻ ഖണ്ഡികകളും ഒരു ക്രിസ്തുവിശ്വാസി പാടുമ്പോൾ അവിടെ ഒരുവിധത്തിലുമുള്ള വിശ്വാസപ്രതിസന്ധിയും സംഭവിക്കുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്.

# പി.വൈ.പി.എ കേരള സ്റ്റേറ്റിന് പുതിയ നേതൃത്വം



കുമ്പനാട് : പി.വൈ.പി.എ കേരള സ്റ്റേറ്റിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജസ്റ്റിൻ നെടുവേലിൽ (പ്രസിഡന്റ്), സന്ദീപ് വിളമ്പുകണ്ടം (വൈസ് പ്രസിഡന്റ്), ഇവാ. അഡ്വ. ജോൺലി ജോഷി (വൈസ് പ്രസിഡന്റ്), ലിജോ സാമുവേൽ (സെക്രട്ടറി), ബേസിൽ അറക്കപ്പടി (ജോയിന്റ് സെക്രട്ടറി), മാത്യു വർഗീസ് (ജോയിന്റ് സെക്രട്ടറി), ആശിഷ് മാത്യു (ട്രഷറർ), ഫിന്നി മാത്യു (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 14 മേഖലകളിലായുള്ള 3000 പരം പ്രാദേശിക യൂണിറ്റുകൾ ഉൾപ്പെടുന്നതാണ് കേരള സ്റ്റേറ്റ് പി.വൈ.പി.എ.


THENILUM MADHURAM

#thenilum madhuram

ക്രിസ്തീയ യൂട്യൂബ് ചാനൽ (മാത്യൂസ് തിരുവല്ല)

ക്രിസ്തീയ/മലയാളം പ്രോഗ്രാമുകൾ

കേൾക്കാനും കാണാനും അനുഗ്രഹം പ്രാപിക്കാനും

ഞങ്ങളുടെ ഈ യൂട്യൂബ് ലിങ്ക് സന്ദർശിക്കുക


ഫോളോ ചെയ്യുക മറ്റുള്ളവരിലും എത്തിക്കുക...

www.youtube.com/@mathewsthiruvalla | 9447795990




# 28 – ാമത് റീമാ പുസ്തകമേള ഓഗസ്റ്റ് 1 മുതൽ 31 വരെ

**തിരുവല്ല:** റീമാ പബ്ലീഷേഴ്സിന്റെ 28–ാം വാർഷിക ബൈബിൾ പുസ്തകമേള ഓഗസ്റ്റ് 1 മുതൽ 31 വരെ പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും.





സ്ഥാപക ഡയറക്ടർ പാസ്റ്റർ സി. പി. മോനായിയുടെ അദ്ധ്യക്ഷതയിൽ സമ്മേളനത്തിൽ അഡ്വ. വർഗീസ് മാമൻ MLA ഉദ്ഘാടനം ചെയ്യും.

ബഥേസ്ത ഇന്റർനാഷ്ണൽ ചെയർമാൻ റവ. സണ്ണി താഴംപള്ളം പുസ്തകങ്ങൾ ഏറ്റുവാങ്ങും.

പുതിയ പുസ്തകങ്ങളുടെ പ്രകാശനം മേളയിൽ നടക്കും. 30 ദിവസം നീണ്ടുനില്ക്കുന്ന പുസ്തകമേളയിൽ പുസ്തകങ്ങൾക്ക് 50% വരെ ഡിസ്കൗണ്ട് ലഭിക്കും.

റീമാ പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച500 ലധികം ഗ്രന്ഥങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

ബൈബിൾ, പാട്ടു പുസ്തകം, വ്യാഖ്യാന ഗ്രന്ഥങ്ങൾ, വാക്യ ബോർഡുകൾ, സി. ഡി. കൾ തുടങ്ങി 2000 ത്തോളം ടൈറ്റിൽ മേളയിൽ പ്രദർശിപ്പിക്കും.

ലൈബ്രറി, ബൈബിൾ വിദ്യാർത്ഥികൾ, കോളജുകൾ, ബൈബിൾ കോളജ് വിദ്യാർത്ഥികൾക്കും പ്രത്യേക ഡിസ്കൗണ്ട് ഉണ്ടായിരിക്കും. വാർഷിക സമ്മേളനം തിരുവല്ലാ വൈഎംസിഎ ഹാളിൽ 27ാം തീയതി ശനിയാഴ്ച നടക്കും. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ആത്മീയ നേതാക്കന്മാർ പങ്കെടുക്കും.

# ഐപിസി കേരള സ്റ്റേറ്റ് സൺഡേസ്കൂൾ: പുതിയ നേതൃത്വം



കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റ് സൺഡേസ്കൂളിന് പുതിയ നേതൃത്വം.

ഐപിസി സൺഡേസ്കൂൾ അസോസിയേഷൻ സംസ്ഥാന ഡയറക്ടറായി ഡോ. സാജൻ സി. ജേക്കബും (തൃശൂർ) സെക്രട്ടറിയായി ജോജി ഐപ്പ് മാത്യൂസും (തിരുവല്ല) തിരഞ്ഞെടുക്കപ്പെട്ടു.

സൺഡേസ്കൂളിന്റെ മറ്റ് ഭാരവാഹികൾ: പി.എം.ഫിലിപ്പ് കൊട്ടാരക്കര, സജി മത്തായി കാതേട്ട് മലപ്പുറം, പാസ്റ്റർ അജു അലക്സ് തിരുവല്ല, തമ്പി മുടവന്തിയിൽ എറണാകുളം (ഡെപ്യൂട്ടി ഡയറക്ടർമാർ), പാസ്റ്റർ ജിജി മാമ്മൂട്ടിൽ മല്ലപ്പള്ളി, സജി നടുവത്ര കോട്ടയം, പാസ്റ്റർ ജിസ്മോൻ ജോസഫ് കട്ടപ്പന, പാസ്റ്റർ എബ്രഹാം തോമസ് പത്തനംതിട്ട (അസോസിയേറ്റ് സെക്രട്ടറിമാർ), ജെയ്സൺ സോളമൻ തിരുവനന്തപുരം (ട്രഷറർ). 16 അംഗങ്ങളടങ്ങിയ കമ്മറ്റിയെയും തിരഞ്ഞെടുത്തു.

# ക്രൈസ്തവ പീഡനവും എഫ്.സി.ആർ.എ. ...

*(1–ാം പേജ് തുടർച്ച)*

നാപരമായ അവകാശം സംരക്ഷിക്കപ്പെടണമെന്ന് ഫിയാക്കൊനാ ആവശ്യപ്പെട്ടു.

എഫ്.സി.ആർ.എ. ഭേദഗതി: ക്രൈസ്തവ സഭകളുടെ ആശങ്ക പരിഹരിക്കണമെന്ന് ഫിയാക്കൊനാ

കേന്ദ്രസർക്കാർ മുന്നോട്ടുവച്ച ഫോറിൻ കോൺട്രിബ്യൂഷൻ (റെഗുലേഷൻ) ഭേദഗതി ബിൽ 2026 ക്രൈസ്തവ സഭകളുടെയും സന്നദ്ധജീവകാരുണ്യ സംഘടനകളുടെയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതായി സമ്മേളനം ആശങ്ക രേഖപ്പെടുത്തി.

എഫ്.സി.ആർ.എ. രജിസ്ട്രേഷൻ റദ്ദാകുകയോ പുതുക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വിദേശ സംഭാവന ഉപയോഗിച്ച് സമ്പാദിച്ച സ്വത്തുക്കളുടെയും മറ്റ് ആസ്തികളുടെയും നിയന്ത്രണം സർക്കാർ നിയോഗിക്കുന്ന പ്രത്യേക സംവിധാനത്തിന്റെ കീഴിലാക്കാൻ വഴിയൊരുക്കുന്ന നിർദേശങ്ങൾ സമ്മേളനം പ്രത്യേകം ചർച്ച ചെയ്തു. സഭകളുടെയും ക്രൈസ്തവ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്വത്തുക്കളെയും ആരാധനാലയങ്ങളെയും ബാധിക്കാനിടയുള്ള ഇത്തരം വ്യവസ്ഥകൾ ക്രൈസ്തവ സമൂഹത്തിൽ ഗൗരവമായ ആശങ്ക സൃഷ്ടിക്കുന്നതായി പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

പതിറ്റാണ്ടുകളായി വിശ്വാസികളുടെ സംഭാവനകളിലൂടെയും നിയമാനുസൃതമായി ലഭിച്ച വിദേശസഹായത്തിലൂടെയും രൂപപ്പെട്ട സഭകളുടെയും വിദ്യാഭ്യാസ, ജീവകാരുണ്യ, സാമൂഹിക സേവന സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെ മേൽ സർക്കാർ നിയന്ത്രണം വരാനുള്ള സാഹചര്യം ഉണ്ടാകരുതെന്ന് ഫിയാക്കൊനാ ആവശ്യപ്പെട്ടു. എഫ്.സി.ആർ.എ. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഭരണപരമായ നടപടികളുടെ പേരിൽ ഒരു സഭയുടെയോ സ്ഥാപനത്തിന്റെയോ സ്വത്തവകാശവും മതപരമായ പ്രവർത്തനങ്ങളും അപകടത്തിലാകുന്ന സാഹചര്യം ഒഴിവാക്കണമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

ഭേദഗതി നിർദേശങ്ങളിലെ സ്വത്തുക്കളുടെ നിയന്ത്രണം, അവ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക അധികാര സംവിധാനങ്ങൾ രൂപീകരിക്കൽ, ആരാധനാലയങ്ങളെയും മതസ്ഥാപനങ്ങളെയും ബാധിക്കാവുന്ന വ്യവസ്ഥകൾ എന്നിവ പുനഃപരിശോധിക്കണമെന്ന് ഫിയാക്കൊനാ ആവശ്യപ്പെട്ടു. ക്രൈസ്തവ സഭകളും മതന്യൂനപക്ഷ സ്ഥാപനങ്ങളും ഉയർത്തുന്ന ആശങ്കകൾ കേൾക്കുകയും അവ പരിഹരിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ ബില്ലിൽ വരുത്തുകയും വേണം. മതസ്വാതന്ത്ര്യത്തെയും സഭകളുടെ സ്വതന്ത്രമായ പ്രവർത്തനത്തെയും സ്വത്തവകാശത്തെയും ബാധിക്കാനിടയുള്ള വ്യവസ്ഥകൾ പിൻവലിക്കുകയോ ആവശ്യമായ സംരക്ഷണ വ്യവസ്ഥകൾ ഉൾപ്പെടുത്തി തിരുത്തുകയോ ചെയ്യണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. വിദേശ സംഭാവനകളുടെ വിനിയോഗത്തിൽ സുതാര്യതയും സാമ്പത്തിക ഉത്തരവാദിത്വവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ഫിയാക്കൊനാ അംഗീകരിക്കുന്നു. എന്നാൽ അതിന്റെ പേരിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്ന സഭകൾക്കും ക്രൈസ്തവ വിദ്യാഭ്യാസജീവകാരുണ്യ സ്ഥാപനങ്ങൾക്കും അനാവശ്യമായ നിയന്ത്രണങ്ങളോ പ്രതിസന്ധികളോ ഉണ്ടാകരുത്. നിയമം നടപ്പാക്കുന്നതിൽ നീതിപൂർവമായ നടപടിക്രമവും സമയബന്ധിതമായ തീരുമാനങ്ങളും ഫലപ്രദമായ അപ്പീൽ സംവിധാനവും ഉറപ്പാക്കണമെന്നും മതത്തിന്റെ പേരിലുള്ള വിവേചനത്തിനോ ഏകപക്ഷീയ നടപടികൾക്കോ അവസരമുണ്ടാകരുതെന്നും സമ്മേളനം ആവശ്യപ്പെട്ടു. എഫ്.സി.ആർ.എ. ഭേദഗതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ക്രൈസ്തവ സമൂഹം ഉയർത്തുന്ന ആശങ്കകൾ ബന്ധപ്പെട്ട അധികാരികളുടെയും നയരൂപീകരണ കേന്ദ്രങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനും, സഭകളുടെ മതസ്വാതന്ത്ര്യവും സ്വത്തവകാശവും നിയമാനുസൃതമായ മതജീവകാരുണ്യ പ്രവർത്തനങ്ങളും സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ മാറ്റങ്ങൾക്കായി തുടർന്നും ഇടപെടാനും ഫിയാക്കൊനാ തീരുമാനിച്ചു.

ഡോ. ബാബു വർഗീസിനും സിജു തോമസിനും മതസ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം

സമ്മേളനത്തോടനുബന്ധിച്ച് മതസ്വാതന്ത്ര്യത്തിനും പീഡനം നേരിടുന്ന ക്രൈസ്തവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും നൽകിയ സംഭാവനകൾ പരിഗണിച്ച് ഡോ. ബാബു വർഗീസിനും എ.ഡി.എഫ്. ഇന്ത്യ ദേശീയ ഡയറക്ടർ സിജു തോമസിനും ഫിയാക്കൊനാ മതസ്വാതന്ത്ര്യ ചാമ്പ്യൻ പുരസ്കാരം 2026 സമ്മാനിച്ചു.

മുംബൈയിൽ നിന്നുള്ള പത്രപ്രവർത്തകനും ചരിത്രകാരനും ഭാഷാപണ്ഡിതനും എഴുത്തുകാരനും ബൈബിൾ അധ്യാപകനുമായ ഡോ. ബാബു വർഗീസിനെ, മൂന്നു പതിറ്റാണ്ടിലേറെയായി ക്രൈസ്തവ പീഡനവും മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ആദരിച്ചത്. ലെറ്റ് ദേർ ബി ഇന്ത്യ, ബേൺറ്റ് എലൈവ് എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയ കൃതികളാണ്. അദ്ദേഹത്തിന്റെ രചനകളെ ആസ്പദമാക്കി നാല് ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഏറ്റവും പുതിയ ചലച്ചിത്രമായ ഗവാഹ് ഓഗസ്റ്റ് 29ന് ന്യൂയോർക്കിൽ ലോക പ്രീമിയർ നടത്തും.സിജു തോമസിനെ മതസ്വാതന്ത്ര്യ സംരക്ഷണത്തിനും പീഡനം നേരിടുന്ന ക്രൈസ്തവർക്കുവേണ്ടിയുള്ള നിയമപോരാട്ടങ്ങളിലെ നേതൃത്വത്തിനുമാണ് ആദരിച്ചത്. സമ്മേളനത്തിൽ അവതരിപ്പിച്ച വിവരങ്ങൾ പ്രകാരം, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ എ.ഡി.എഫ്. ഇന്ത്യ 200ലധികം കേസുകളിൽ അനുകൂല കോടതി വിധികൾ നേടുകയും, ഏകദേശം 3,400 ക്രൈസ്തവരുടെ മോചനത്തിന് സഹായിക്കുകയും, 1,100ലധികം ആരാധനാലയങ്ങൾ വീണ്ടും തുറക്കാൻ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിലധികം വിശ്വാസികൾക്കും പാസ്റ്റർമാർക്കും സഭാ നേതാക്കൾക്കും അഭിഭാഷകർക്കും പരിശീലനം നൽകിയതായും സമ്മേളനത്തിൽ അറിയിച്ചു.

അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ സ്കൂൾസ് ഇന്റർനാഷണൽ വൈസ് പ്രസിഡന്റ് മൈക്ക് എപ്പ്, ട്രാക്ക് ലീഗ് ഡയറക്ടർ ഫിൽ ബോണ്ടെസ്മ എന്നിവർ പുരസ്കാരങ്ങൾ സമ്മാനിച്ചു.

അമേരിക്കൻ സ്റ്റേറ്റുകളിൽ നിന്നും ഇന്ത്യയിൽനിന്നും ബ്രിട്ടനിൽനിന്നുമുള്ള പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

റിപ്പബ്ളിക്കൻ പാർട്ടി നേതാക്കളായ ഡേവ് ബെകിത്ത്, മൈക്ക് ക്ലാൻസി, ഇന്ത്യയിൽ നിന്നും സിജു തോമസ്, ഡോ. കെ. ബാബു വർഗീസ്,ബിഷപ്പ് മനോ ഡാനിയേൽ തുടങ്ങിയവർ മുഖ്യ പ്രാസംഗികരായിരുന്നു..

ഫിയാക്കൊനാ പ്രസിഡന്റ് ബിമൽ ജോൺ, സാം തോമസ്, പാസ്റ്റർ റൂഫസ് ബിമനപ്പള്ളിൽ, സ്റ്റാൻലി ജോർജ്, നിക്സൺ ജോർജ്, പാസ്റ്റർ മാർക്ക് ഹാവോകിപ്, വിജയേന്ദർ ഡോമ എന്നിവരുൾപ്പെടെയുള്ള സംഘടനാ ഭാരവാഹികൾ സമ്മേളനത്തിന് നേതൃത്വം നൽകി. ബ്രദർ യേശുദാസ് പരിപാടികളുടെ ഏകോപനം നിർവഹിച്ചു.

പ്രാർഥനാ കമ്മിറ്റി ചെയർമാൻ പോൾ വർക്കി പ്രാർഥനയ്ക്ക് നേതൃത്വം നൽകി. ടി.സി.എഫ്. ചർച്ച് ആരാധനയ്ക്ക് നേതൃത്വം നൽകിയപ്പോൾ ഹെവൻലി ഫീസ്റ്റ് ഗായകൻ സാംസൺ ഗാനശുശ്രൂഷ നടത്തി. ഇന്ത്യയിൽ പീഡനം നേരിടുന്ന ക്രൈസ്തവർക്കായി പ്രത്യേക പ്രാർഥനയും നടന്നു.

ഇന്ത്യയിലെ ക്രൈസ്തവ സഭകളും വിശ്വാസികളും നേരിടുന്ന പ്രശ്നങ്ങൾ ദേശീയ അന്താരാഷ്ട്ര വേദികളിൽ തുടർന്നും ഉയർത്തിക്കൊണ്ടുവരുമെന്നും മതസ്വാതന്ത്ര്യം, മനുഷ്യാന്തസ്സ്, നിയമത്തിനു മുന്നിലെ തുല്യത, മതഭേദമില്ലാതെ എല്ലാ പൗരന്മാരുടെയും ഭരണഘടനാപരമായ അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി പ്രവർത്തനം ശക്തമായി തുടരുമെന്നും ഫിയാക്കൊനാ വ്യക്തമാക്കി.


തിരുവല്ലായിൽ വസ്തു വിൽപ്പനയ്ക്ക്

തിരുവല്ലയിൽ നിന്നും 4.5 കി. മീ. മനയ്ക്കച്ചിറ അടുത്ത് ഹൗസ് പ്ലോട്ടുകൾ കുറഞ്ഞ വിലയിൽ വിൽപ്പനയ്ക്ക്. ആവശ്യക്കാർക്ക് ബഡ്ജറ്റ് അനുസരിച്ചു വീടുകൾ ചെയ്തു തരുന്നതാണ്

മൊബൈൽ: 90745 07029

# ഒരു തൃപ്തിയുമില്ലാത്ത പ്രധാനമന്ത്രി..!



**എ.ഐ. ജോർജ്ജുകുട്ടി**
aigeorgekutty@gmail.com
9496597766

**ഇ**ന്നത്തെ ഇറാൻ എന്ന രാജ്യമാണ് പണ്ട് പേർഷ്യ എന്ന് അറിയപ്പെട്ടിരുന്നത്. പുരാതന ലോകത്തിലെ ഏറ്റവും പ്രബലമായ നാല് സാമ്രാജ്യങ്ങളിൽപ്പെട്ടതാണ് വിശാലമായ ഇന്ത്യ മുതൽ എത്യോപ്യ വരെയുള്ള 127 സംസ്ഥാനങ്ങൾ ചേർന്ന പേർഷ്യൻ സാമ്രാജ്യം. അതിന്റെ ചക്രവർത്തിയായിരുന്ന അഹശ്വേരോശ് ആഗാഗ്യനായ ഹമ്മെദാഥയുടെ മകൻ ഹാമാന് കയറ്റവും ഉന്നത പദവിയും കൊടുത്തു അവന്റെ ഇരിപ്പിടം തന്നോടുകൂടെ ഇരിക്കുന്ന സകല പ്രഭുക്കന്മാരുടെയും ഇരിപ്പിടങ്ങൾക്ക് മേലായി വച്ചു. രാജാവിന്റെ വാതില്ക്കലെ രാജഭൃത്യന്മാർ ഒക്കെയും ഹാമാനെ കുമ്പിട്ടു നമസ്കരിച്ചു. രാജാവ് അവനെ സംബന്ധിച്ച് അങ്ങനെ കല്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ യഹൂദനായ മൊർദ്ദേഖായി മാത്രം കുമ്പിട്ടില്ല. രാജാവിന്റെ വാതിൽ കാവല്ക്കാരനായ മൊർദ്ദേഖായി തന്നെ കുമ്പിടാൻ കൂട്ടാക്കാത്തതു മൂലം വലിയ പകയും വെറുപ്പും കൊണ്ട് നിറഞ്ഞ ഹാമാൻ മൊർദ്ദേഖായിയെ മാത്രമല്ല, അവന്റെ കുലമായ യഹൂദന്മാരെ മുഴുവനും ഉന്മൂലനം ചെയ്യാനുള്ള അധികാരം രാജാവിങ്കൽ നിന്ന് സമ്പാദിച്ചു. അതിനായി താൻ തന്നെ നിശ്ചയിച്ചിട്ടുള്ള പന്ത്രണ്ടാം മാസം പതിമൂന്നാം തീയതി ആകുന്നതുവരെ കാത്തിരിക്കാൻ ക്ഷമയില്ലാതെ ഹാമാൻ സ്നേഹിതന്മാരെയും ഭാര്യയെയും വിളിച്ചുകൂട്ടി "അവരോട് തന്റെ ധനമാഹാത്മ്യവും പുത്രബഹുത്വവും രാജാവ് തനിക്ക് നല്കിയ ഉന്നത പദവിയും പ്രഭുക്കന്മാർക്കും രാജഭൃത്യന്മാർക്കും മേലായി തന്നെ ഉയർത്തിയിരിക്കുന്നതും വിവരിച്ചു പറഞ്ഞു...എങ്കിലും യഹൂദനായ മൊർദ്ദേഖായി രാജാവിന്റെ വാതില്ക്കൽ ഇരിക്കുന്നത് കാണുന്നേടത്തോളം ഇതൊന്നുംകൊണ്ട് എനിക്ക് ഒരു തൃപ്തിയുമില്ല" (എസ്ഥേർ 5:11,13) എന്നും അവൻ പറഞ്ഞു.

മനുഷ്യരെല്ലാവരും സംതൃപ്തി തേടുന്നവരാണ്. വിശക്കുമ്പോൾ എന്തെങ്കിലും ഭക്ഷണപാനീയങ്ങൾ കഴിച്ച് വിശപ്പ് ശമിപ്പിക്കുന്നതിനപ്പുറം, മനസ്സിന് സംതൃപ്തി നല്കുന്ന വിഭവങ്ങളാണ് നാം ഭക്ഷിക്കുന്നത്. എന്നാൽ വയറ് നിറഞ്ഞിട്ടും സംതൃപ്തിയില്ലാതെ പിന്നെയും തിന്നുകൊണ്ടേയിരിക്കുന്നവരുണ്ട്. മനഃശാസ്ത്രത്തിൽ ഇതിനെ ബുളീമിയ നെർവോസ എന്ന് വിളിക്കുന്നു. അത്തരം ആളുകൾക്ക് മനോരോഗ ചികിത്സ ആവശ്യമായി വന്നേക്കാം.



തൃപ്തിയില്ലായ്മ ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല, മിക്കവാറും എല്ലാ രംഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. സാമ്പത്തികമായ തൃപ്തിയില്ലായ്മയാണ് പൊതുവെ എല്ലാവരിലും കാണപ്പെടുന്ന ഗുരുതരമായ പ്രശ്നം. അത് അനാരോഗ്യകരമായ കിടമത്സരങ്ങളും പകയും വിദ്വേഷവുമെല്ലാം ജനിപ്പിച്ച് വലിയ ദോഷങ്ങൾ വരുത്തിവയ്ക്കുന്നു. മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകാൻ ഇടയാക്കുന്ന സ്ഥിതിവിശേഷം ഇതുനിമിത്തം സംഭവിക്കുന്നുവെന്ന് പൗലോസ് അപ്പോസ്തലൻ തിമോഥിയോസിനെ ഓർപ്പിക്കുന്നുണ്ട്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നാണ് അവിടെ പ്രബോധിപ്പിക്കുന്നത് (1തിമോ. 6:8-10).

ഭക്ഷണത്തോടും പണത്തോടും ഉള്ള ആസക്തികൾ തൃപ്തിയില്ലാത്തവിധം വളർന്ന് സ്വന്തം ശരീരത്തിനും വ്യക്തിത്വത്തിനും സമൂഹത്തിനും ബന്ധങ്ങൾക്കുമെല്ലാം ഗുരുതരമായ കേടുവരുത്തുന്ന സ്ഥിതിയുണ്ടാകാം. ഇതേപോലെ തന്നെയാണ് ജഢീകാസക്തിയും.

ദൈവം വച്ചിരിക്കുന്ന ധാർമ്മിക ബോധത്തിന്റെ വ്യവസ്ഥകളും പ്രമാണങ്ങളും ലംഘിച്ചുകൊണ്ട് അതിരുവിട്ട ജഢമോഹങ്ങൾ പ്രസിദ്ധരും പ്രഗത്ഭരുമായ അനേകരുടെ തകർച്ചയ്ക്ക് വഴിയൊരുക്കിയിട്ടുണ്ട്.

ശൗൽ രാജാവ് തന്നെ കൊല്ലുവാൻ പരിശ്രമിച്ച നാളുകളിൽ ദാവീദ് വലിയ പ്രതിസന്ധിയിലൂടെ കടന്നുപോയി. ശൗലിന്റെ കയ്യിൽപ്പെടാതെ അനേകം വർഷങ്ങൾ കാടുകളിൽ ഓടിയലഞ്ഞു. എന്നാൽ ശൗൽ മരിച്ച ശേഷം ദാവീദ് രാജാവായി. സകലവിധ സൗഭാഗ്യങ്ങളോടും കൂടെ രാജധാനിയിൽ വസിക്കവേ, ഒരിക്കൽ തന്റെ സൈനീകനായ ഊരീയാവിന്റെ ഭാര്യയെ മോഹിച്ച് അവളെ സ്വന്തമാക്കുവാൻ പരമാർത്ഥിയും നിഷ്കളങ്കനും രാജഭക്തനുമായ ആ സൈനീകനെ മനഃപൂർവം കൊല്ലിച്ചു, തുടർന്ന് അവന്റെ ഭാര്യയെ സ്വന്തമാക്കി. പക്ഷേ നാഥാൻ പ്രവാചകൻ രാജാവിന്റെ അടുക്കലെത്തി ദൈവത്തിന്റെ ന്യായവിധി അവനെതിരെ പ്രസ്താവിക്കുന്നു. "ഞാൻ നിനക്ക് നിന്റെ യജമാനന്റെ ഗൃഹത്തെയും നിന്റെ മാർവിടത്തിലേക്ക് നിന്റെ യജമാനന്റെ ഭാര്യമാരെയും തന്നു; യിസ്രായേൽ ഗൃഹത്തെയും യഹൂദാ ഗൃഹത്തെയും നിനക്ക് തന്നു; പോരായെങ്കിൽ ഇന്നിന്നതും കൂടെ ഞാൻ നിനക്ക് തരുമായിരുന്നു.." (2ശമു. 12:8). ദാവീദിന് വലിയ വേദനകൾ സമ്മാനിക്കുവാൻ തന്റെ തൃപ്തിയില്ലാത്ത ജഢീകാസക്തി മുഖാന്തിരമായി. വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിനുള്ളിലും സമൂഹമദ്ധ്യേയും അപമാനവും ക്ലേശവും ദുഃഖവും വരുത്തുവാൻ അത് മുഖാന്തിരമായി.

മൊർദ്ദേഖായി എന്ന യഹൂദൻ മൂലം തൃപ്തിയില്ലാതായിത്തീർന്ന പേർഷ്യൻ പ്രധാനമന്ത്രി ഹാമാൻ ഭാര്യയുടെയും സ്നേഹിതരുടെയും ഉപദേശമനുസരിച്ച് അന്ന് രാത്രിതന്നെ അമ്പത് മുഴം ഉയരമുള്ള കഴുമരമുണ്ടാക്കി, പിറ്റേന്നു രാവിലെ തന്നെ മൊർദ്ദേഖായിയെ അതിന്മേൽ തൂക്കിക്കൊല്ലാനായി രാജാവിന്റെ അനുമതി തേടി കൊട്ടാരത്തിലെത്തിയെങ്കിലും അപ്രതീക്ഷിതമായി കാര്യങ്ങൾ തിരിഞ്ഞുമറിഞ്ഞു. മൊർദ്ദേഖായിയെയും കുതിരപ്പുറത്ത് കയറ്റി, രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്നവനെ ഇപ്രകാരം ബഹുമാനിക്കും എന്ന് പട്ടണത്തിലൂടെയെല്ലാം വൈകുന്നേരം വരെ താൻതന്നെ വിളിച്ചുപറയേണ്ടി വന്നു. അതിനുപുറമെ അന്ന് സന്ധ്യയ്ക്ക് രാജ്ഞിയുടെ വിരുന്നിൽ പങ്കെടുക്കവേ രാജാവ് അവനെതിരേ തിരിഞ്ഞു മൊർദ്ദേഖായിക്കായി താൻ ഒരുക്കിയ കഴുമരത്തിന്മേൽത്തന്നെ അവൻ തൂക്കിലേറ്റപ്പെട്ടു! തന്റെ പുകഴ്ചയ്ക്ക് കാരണമായിരുന്ന ധനമാഹാത്മ്യവും പുത്രബഹുത്വവും ഉന്നത പദവിയുമെല്ലാം ഒരൊറ്റനിമിഷത്തിൽ ഇല്ലാതെയായി!

എല്ലാ സൗഭാഗ്യങ്ങളും പദവികളും ലഭിച്ചിട്ടും ഒരു തൃപ്തിയുമില്ലാത്ത ഒരു പ്രധാനമന്ത്രിയെക്കുറിച്ചും ഒരു രാജാവിനെക്കുറിച്ചുമാണ് നാം വിശകലനം ചെയ്തത്. അവർ പ്രതീകങ്ങളാണ്. ഇന്ന് ലോകത്തിലെ അനേകം രാജ്യങ്ങളുടെ ഭരണത്തലവന്മാരും പ്രധാനമന്ത്രിമാരുമെല്ലാം ഏതാണ്ട് ഇതേപോലെ തൃപ്തിയില്ലാത്തവരായി പ്രവർത്തിക്കുന്നു. അവർ അയൽ രാജ്യങ്ങളെ ആക്രമിക്കുന്നു; സ്വന്തം ജനങ്ങളെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിന് പകരം വംശീയതയും വർഗ്ഗീയതയും ഭിന്നിപ്പും ജനങ്ങളുടെ മനസ്സിലേക്ക് തിരുകിക്കയറ്റി അവരെ തമ്മിലടിപ്പിക്കുകയും ഒരു വിഭാഗത്തെ ഉന്മൂലനം ചെയ്യാൻ ഹാമാനെപ്പോലെ രഹസ്യമായും പരസ്യമായും പിന്തുണ നല്കുകയും കരുക്കൾ നീക്കുകയും ചെയ്യുന്ന ഭരണാധിപന്മാർ ലോകത്തെ കൈപ്പിടിയിലൊതുക്കാൻ പരിശ്രമിക്കുന്നു. അവരുടെ തൃപ്തിയില്ലാത്ത, പകയും വെറുപ്പും നിറഞ്ഞ മനസ്സ് തിന്മയുടെ മൂർത്തിയായ പിശാചിന്റെ നിയന്ത്രണത്തിലാണ്. ദൈവം നമുക്ക് നല്കിയ സകല സൗഭാഗ്യങ്ങൾക്കും നന്ദിയുള്ളവരും, നമുക്ക് നേരിടുന്ന കഷ്ടങ്ങൾക്കും പരിമിതികൾക്കും പ്രതികൂലങ്ങൾക്കും പിന്നിൽ ദൈവത്തിന് ഒരു ഉദ്ദേശം ഉണ്ടെന്നും അത് ദൈവം മഹത്വപ്പെടുമാറ് പൂർത്തിയാക്കുമെന്നും പ്രത്യാശയുള്ളവരുമായി സംതൃപ്തിയോടെ ജീവിക്കാം.

## മതപരിവർത്തന നിയമം: കോടതിയെ സമീപിക്കും

*(1-ാം പേജ് തുടർച്ച)*

സമീപിക്കുമെന്നും അറിയിച്ചു. കഴിഞ്ഞ മാർച്ചിൽ മഹാരാഷ്ട്ര നിയമസഭയും നിയമസഭ കൗൺസിലും ശബ്ദവോട്ടോടെ പാസാക്കിയ ബില്ലിന് കഴിഞ്ഞദിവസമാണ് രാഷ്ട്രപതി അംഗീകാരം നൽകിയത്.

ഇനി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ നിയമം നിലവിൽ വരും.

പുതിയ നിയമപ്രകാരം മതംമാറ്റത്തിന് രണ്ടുമാസം മുമ്പേ ജില്ലാമജിസ്ട്രേറ്റിന്റെ അനുമതി തേടണം. മതംമാറ്റത്തിൽ പരാതിയുണ്ടെങ്കിൽ രക്ത ബന്ധുക്കൾക്കും പരാതി നൽകാം. കുറ്റക്കാർക്ക് ഏഴുവർഷം വരെയാണ് തടവ്. ആവർത്തിച്ച് മതംമാറ്റുന്നവർക്ക് 10 വർഷം വരെ തടവ് ലഭിക്കാം. നിയമം ദുരുപയോഗം ചെയ്യപ്പെടുമെന്നും വ്യക്തി സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റത്തിന് വഴിതുറക്കുമെന്നും മുസ്ലിം, ക്രിസ്ത്യൻ സംഘടനകൾ ആശങ്ക പ്രകടിപ്പിച്ചു.

## എഫ്സിആർഎ ബിൽ ജെപിസിക്ക് വിട്ട് ലോക്സഭ

*(1-ാം പേജ് തുടർച്ച)*

യിൽ പ്രതിപക്ഷ ബഹളം ആരംഭിച്ചു. ഒരു വ്യവസ്ഥപോലും ന്യൂനപക്ഷ വിരുദ്ധമല്ലെന്നും അവരുടെ ക്ഷേമം മാത്രമാണ് ലക്ഷ്യമെന്നും കിരൺ റിജിജു പറഞ്ഞു. പ്രതിപക്ഷ പ്രതിഷേധത്തിനിടെ സ്പീക്കർ പ്രമേയം പാസാക്കി.

അതേസമയം ബിൽ ജെപിസിക്ക് വിട്ടതിൽ ഭാഗിക സന്തോഷമെന്ന് കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) ഡയറക്ടർ ഫാ. മാത്യു കോയിക്കൽ പറഞ്ഞു. എഫ്സിആർഎ ബിൽ പൂർണമായി പിൻവലിക്കണമെന്നാണ് ആവശ്യം, ബിൽ ജെപിസിക്ക് വിട്ടതിൽ ചാരിതാർഥ്യം ഉണ്ട്, ഭാഗിക സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. തീരുമാനത്തെ വിവിധ ക്രൈസ്തവ സഭാ സംഘടനകൾ സ്വാഗതം ചെയ്തു.

## പിസിഐഎസി 2029 ലെ ദേശീയ കോൺഫറൻസ്

*(1-ാം പേജ് തുടർച്ച)*

ട്ടായ്മയും പ്രാർത്ഥനാ സഹകരണവും കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ ക്രമീകരണം. കൂടാതെ, 2029 മുതൽ രണ്ടു വർഷത്തിലൊരിക്കൽ ക്രമീകൃതമായി ദേശീയ കോൺഫറൻസ് നടത്താനും യോഗം തീരുമാനിച്ചു. 2026ലെ കൺവീനർ പാസ്റ്റർ വിൽസൺ കടവിൽ പുതിയ നേതൃത്വത്തിന് ആശംസകൾ നേർന്നു.

കാനഡയിലെ വിവിധ പ്രവിശ്യകളിലുള്ള ദൈവദാസന്മാരുടെയും സഭകളുടെയും കൂട്ടായ്മയും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പായാണ് ഈ തീരുമാനം വിലയിരുത്തപ്പെടുന്നത്.

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!
CALL REALTOR
MATHEW C. SAMUEL
SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234

Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന

Pastor. C.K. Reji
ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44
SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM
Phone - 22411060, Mob: 9382599333

*MM 60/26* US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage.
For further details, please contact:

**469-858-2999**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 59/26* Syrian Christian Pentecostal parents from Pathanamthitta District invite suitable proposals for their son, 45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact

**+91 9847854225**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 58/26* CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

**9969819656**
**Email:**
**chauhansurekha311@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 57/26* ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9207567206**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 56/26* ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

**9567525255, 9744043028**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 55/26* തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9744632187**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 53/26* Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

**9446685615**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM52/26* Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

**Phone father: +919447008566**
**Mother: +919446867777**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM51/26* ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി. എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**8301892407, 8330814516**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM50/26* യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

**8921587858**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM49/26* Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune.




She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

**9582005717, 8800204684**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM48/26* മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**8921587858**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM47/26* നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9645681023, 7025423796**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM46/26* Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

**9582005717, 8800204684**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM45/26* Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

**Ph. +919495026157**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM44/25* Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications-Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

**WhatsApp +9181130 34181**
**or email ptk0371@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM42/25* Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

**Ph: 7025528037**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM41/25* Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

**Ph: 9444951080, 9382599333**
**ckreji@gmail.com,**
**ckreji@hotmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM40/25* Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

**Mob-9446909546,**
**9400751030.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM38/25* പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

**Ph: 9447579497,**
**9447863308**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM37/25* Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

**Ph. +91 98471 86700,**
**9656223322,**
**8281150000**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM36/25* Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

**Ph: 6238231410**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

**Ph: 8943619818**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM15/25* Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

**+971529165874**
**usha25elizabeth@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM18/25* ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

**9847683343**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101

www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക

ഓഗസ്റ്റ് 20 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 - 08 - 2026

ബൈബിൾ
യൂറോപ്പ്

Christianity and its Beginnings

വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

▸▸ പത്മോസ് ▸▸ ടർക്കി
▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ

- എഫെസൊസ്
- സ്മുർന്നാ
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്ക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്പ്യ
- തെസ്സലോനിക്യ
- ബറോവ

Beyond
Patmos



12 രാത്രി
13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026
സെപ്റ്റംബർ
14



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com

Shaji Samuel
CPA



Shaji Samuel, CPA

shajisamuel.cpa
info@shajisamuel.cpa

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080

+1 469 782 4423

മലയാളി പെന്തെക്കോസ്ത് സമൂഹത്തിൽ സമീപകാലത്ത് ഏറ്റവുമധികം
വിറ്റഴിഞ്ഞ പഠന ഗ്രന്ഥമായിരുന്നു
പാസ്റ്റർ ഒ. ജി. സാമുവൽ എഴുതിയ പ്രീച്ചേഴ്സ് ഗൈഡ്.
ഇതാ പ്രീച്ചേഴ്സ് ഗൈഡിന്റെ രണ്ടാം ഭാഗം



പ്രീച്ചേഴ്സ് ഗൈഡ്
രണ്ടാം ഭാഗം
ആയിരക്കണക്കിന് പ്രസംഗങ്ങളുടെ കലവറ

72 വിഷയങ്ങളെ അതിന്റെ എല്ലാ സമഗ്രതയിലും പഠന വിധേയമാക്കി അവതരിപ്പിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത. മലയാളി വിശ്വാസ സമൂഹത്തിൽ നിരവധി ബൈബിൾ വിജ്ഞാന കോശങ്ങളും കൺകോഡൻസുകളും ഉണ്ട്. എന്നാൽ വിഷയങ്ങളെ ആത്മീയ ഉൾക്കാഴ്ചയോടെ ഒരു പ്രസംഗകന്റെയും ഇടയ ശുശ്രൂഷകന്റെയും മനസ്സോടെ അവതരിപ്പിക്കുന്ന ഗ്രന്ഥങ്ങൾ അപൂർവമാണ്. ഏതൊരു സാധാരണക്കാരനും ലളിതമായി മനസിലാകത്തക്ക നിലയിൽ അടുക്കടുക്കായി റഫറൻസുകൾ സഹിതം വിഷയങ്ങൾ തയ്യാറാക്കിയിരിക്കുന്നു എന്നത് ഈ ഗ്രന്ഥത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കും.

ദൈവവചന ശുശ്രൂഷകൾക്ക് വളരെ വേഗം പ്രസംഗങ്ങൾ തയ്യാറാക്കുവാൻ ഈ സമാഹാരം സഹായിക്കും. ആയിരക്കണക്കിന് പ്രസംഗങ്ങളുടെ കലവറയാണ് ഈ ഗ്രന്ഥം.




ആയിരത്തിലധികം പേജുകൾ വില – 1250 രൂപ; പുസ്തകത്തിന്റെ കോപ്പി രജിസ്റ്റേർഡ് തപാലിൽ ലഭിക്കും.

ദീപ്തി ബുക്ക്സ് | Mob: 9961720195, 9961103983

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.